**പതിമൂന്നാം കേരള നിയമസഭ**
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3097**

**13.10.2011 - ൽ മറുപടിയ്ക്ക്**

**വനിതാ പോലീസുകാർക്ക് മാതൃജില്ലകളിലേക്ക് സ്ഥലം മാറ്റം**

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരളത്തിലെ വനിതാ പോലീസുകാർക്ക് മാതൃജില്ലകളിലേക്ക് സ്ഥലം മാറ്റം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ; | (എ) & (ബി) വനിതാ പോലീസുകാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനിതാ പോലീസുകാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അതാത് ജില്ലാ പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുകയും ആയതിൻമേൽ നിയമനം നൽകപ്പെടേണ്ട ജില്ലാ പോലീസ് മേധാവി സ്ഥലംമാറ്റ ഉത്തരവ് നൽകിവരുകയും ചെയ്യുന്നു. |
| (സി) ഇത് എപ്പോൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (സി) ബന്ധപ്പെട്ട ജില്ലകളിലെ ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത്. |

സെക്ഷൻ ഓഫീസർ